Dated : 17/ 08/ 2021

# കാമുകിയോടൊപ്പം ജീവിക്കാൻ ഭാര്യയെ ശ്വാസംമുട്ടിച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതി അറസ്റ്റിൽ

കൊല്ലം : മൈലാപ്പൂർ തൊടിയിൽ പുത്തൻ വീട്ടിൽ ബിലാൽ ഹൗസിൽ നിസാമിന്റെ ഭാര്യ നിഷാന എന്നുവിളിക്കുന്ന സുമയ്യ (25) നെ കൊലപ്പെടുത്തിയ കേസിലാണ് ഭർത്താവ് നിസാം (39) അറസ്റ്റിലായത്. ശനിയാഴ്ച രാവിലെ സുയ്യയെ അടുക്കളയിൽ അവശയായി കണ്ടുവെന്നന്നാണ് ഭർത്താവ് നിസ്സാം ആദ്യം പോലീസിനോടും ബന്ധുക്കളോടും പറഞ്ഞത്. ഭർത്താവും ബന്ധുക്കളും ചേർന്ന് സുമയ്യയെ ഉടൻതന്നെ സമീപത്തെ ക്ലിനിക്കിലും തുടർന്ന് മേവറത്തെ സ്വകാര്യ മെഡിക്കൽ കോളേജിലും കൊട്ടിയത്തെ മറ്റൊരാശുപത്രിയിലും അവിടെ നിന്നും പാലത്തറ സഹകരണ ആശുപത്രിയിലും എത്തിച്ചു ഇവിടെ വച്ചാണ് സുമയ്യ മരണപ്പെട്ടത്. ഭർത്താവ് നിസാമിന്റെ സംസാരത്തിൽ സംശയം തോന്നിയ സുമയ്യയുടെ ബന്ധുക്കൾ വിവരം കൊട്ടിയം പോലീസിനെ അറിയച്ചു.

ചാത്തന്നൂർ പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഫോറൻസിക് വിദഗ്ധർ ഉൾപ്പെടെയുള്ളവർ എത്തി വീട് പരിശോധ നടത്തിയിട്ടുള്ളതും തുടർന്ന് ടിയാനെ വിശദമായി ചോദ്യം ചെയ്തതിൽ ടിയാന് മറ്റൊരു സ്ത്രീയുമായുള്ള ബന്ധത്തെച്ചൊല്ലി വീട്ടിൽ പലപ്പോഴും ഭാര്യയുമായി വഴക്കുണ്ടാകാറുണ്ടായിരുന്നെന്നും സംഭവദിവസം അടുക്കളയിൽ നിന്ന സുമയ്യയെ പിന്നിൽ നിന്നും ഷാൾ കുടുക്കിയെന്നും പ്രതിയായ നിസാം പറഞ്ഞി ട്ടുള്ളതാണ്.



നിസാം (39)

കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം ചാത്തന്നൂർ പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ ചുമതലയുള്ള ഡിസിആർബി എസിപി ശ്രീ. എം എസ് സന്തോഷ്, പോലീസ് ഇൻസ്പെക്ടർ എം സി ജിംസ്റ്റൺ, എസ് ഐ മാരായ സുജിത് ജി നായർ, റഹിം, പ്രവീൺ, അഷ്ടമൻ,സുനിൽ, ഗിരീഷ് എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്.

# യുവാവിനെ കമ്പിവടികൊണ്ട് അടിച്ച കേസിലെ പ്രതികൾ അറസ്റ്റിൽ

കൊല്ലം : ചവറ തെക്കുംഭാഗം പോലീസ് സ്റ്റേഷൻ പരിധിയിൽ അരിനല്ലൂർ റേഷൻകടമുക്കിന് സമീപം കുറ്റിയിൽ വീട്ടിൽ നെപ്പോളിയൻ മകൻ ജാക്സൺ നെപ്പോളിയനെ കമ്പിവടി കൊണ്ട് അടിച്ച് പരിക്കേൽപ്പിച്ച കേസിലെ പ്രതികളെയാണ് അറസ്റ്റ് ചെയ്തത്. അരിനല്ലൂർ റാണി



റോബിൻ റോയി

ഭവനിൽ വിൻസന്റിന്റെ മക്കളായ റോബിൻ, റോയി എന്നിവരാണ് അറസ്റ്റിലായത്. മുൻപ് പ്രതികളുടെ വീട്ടിൽ നിന്നും ബൈക്കിലെ പട്രോൾ ഊറ്റിയതിലുള്ള വിരോധത്താലാണ് പ്രതികൾ ജാക്സനെ മാരകമായി ദേഹോപദ്രവം ഏൽപ്പിച്ചത്.

കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കരുനാഗപ്പള്ളി പോലീസ് അസിസ്റ്റന്റ് കമ്മീഷ

ണറുടെ നേതൃത്വത്തിൽ പോലീസ് ഇൻ സ്പെക്ടർ ദിനേശ്കുമാർ, എസ് ഐ സുജാതൻപിള്ള, എ.എസ് ഐ മാരായ ക്രസ്റ്റി, വിജയൻ സിപിഒ അഫ്സൽ എന്നിവരാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്

## കോവിഡ് പ്രതിരോധ ബോധവൽക്കരണ സന്ദേശവുമായി മൽസ്യ വിപണന മേഖലകളിൽ - കൊല്ലം സിറ്റി പോലീസ്

കൊല്ലം : കോവിഡ് വ്യാപനം പടരുന്ന സാഹചര്യത്തിൽ ആയതിന് തടയിടുന്നതിനായി ശക്തികുളങ്ങര പോലീസ്. ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട രാമൻകുളങ്ങര, മരുത്തടി, ശക്തികുളങ്ങര, കാവനാട്, പൂവൻപുഴ തുടങ്ങിയ പ്രദേശങ്ങളിൽ കോർപ്പറേഷൻ ഡിവിഷൻ പ്രതിനിധികളും ശക്തികുളങ്ങര പോലീസും സംയുക്തമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഈ പ്രദേശങ്ങളിലെ വ്യാപാര സ്ഥാപനങ്ങളിലെ വ്യാപാരികൾക്കും സാധനങ്ങൾ വാങ്ങാനെത്തിയ പ്രദേശവാസികൾക്കും പ്രദേശത്തെ ഒട്ടോറിക്ഷാ ഡ്രൈവർമാർക്കുമായാണ് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചത്. വ്യാപാര സ്ഥാപനങ്ങളിൽ സാമൂഹിക അകലം പാലിക്കുന്നതിനും സ്ഥാപനത്തിലെത്തുന്നവർ ശരിയായവിധം മാസ്ക്ക് ധരിക്കേണ്ടതിനെക്കുറിച്ചും സാനിറ്റൈസർ ഉപയോഗിക്കേണ്ടതിനെക്കുറിച്ചും വീടുകളിലും പൊതു സ്ഥലങ്ങളിലും ശുചിത്വം പാലിക്കേണ്ടതിനെക്കുറിച്ചും ഓട്ടോ റിക്ഷയിൽ യാത്രചെയ്യുന്നവർ ശരിയായ വിധത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതിനെക്കുറിച്ചും ബോധവൽക്കരണപരിപാടി സംഘടിപ്പിച്ചു.



കാവനാട് മാർക്കറ്റിൽ മൽസ്യവിപണനക്കാർക്ക് കോവിഡ് പ്രതിരോധ ബോധവൽക്കരണം നടത്തുകയുണ്ടായി. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐ. പി. എസ്സ് ന്റെ നിർദ്ദേശപ്രകാരം കൊല്ലം എസിപി എ പ്രദീപിന്റെ നേതൃത്വത്തിൽ ശക്തികുളങ്ങര ഇൻസ്പെക്ടർ യു ബിജു, എസ്ഐ അനീഷ്, എഎസ്ഐമാരായ സജിത്ത്, സുദർശനൻ എന്നിവരും സന്നദ്ധപ്രവർത്തകരുമാണ് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചത്.